ശ്രീ. കെ. എം. ജോർജ് : ഇങ്ങനെ ഒരു പരാതി കിട്ടിയാൽ പ്രഥമദൃഷ്ട്യാ അതിൽ കേസുണ്ടോ ഇല്ലയോ എന്നു തീരുമാനിക്കുന്ന ഉദ്യോഗസ്ഥൻ ആരാണ് ; അതു് ഏതു് ലവലിലുള്ള ഉദ്യോഗസ്ഥനാണെന്നു പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : ഡിസ്ട്രിക്ട് സൂപ്രണ്ട് ആഫ് പോലീസാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇങ്ങനെ ആരെങ്കിലും മേൽവിലാസമില്ലാതെയും കള്ളപ്പേർ വച്ചും ഉദ്യോഗസ്ഥന്മാരെപ്പറ്റി പെറ്റീഷൻ അയയ്ക്കാറുണ്ടെന്നു് ചീഫ് മിനിസ്റ്റർ പറഞ്ഞു. ഉടമസ്ഥരില്ലാതെ വരുന്ന പെറ്റീഷൻ അങ്ങു് തള്ളിക്കളയുന്നതല്ലേ ഉദ്യോഗസ്ഥന്മാരുടെ രക്ഷക്കും കാര്യനിർവ്വഹണത്തിനും നല്ലതു്?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഇത്തരം കേസുകളൊക്കെ നിയമവിധേയമാക്കാതെ വിട്ടുന്നതു് അഴിമതി നിരോധനത്തിനു് സഹായകമാകുകയില്ലെന്നതോന്നുന്നു. എന്തുകൊണ്ടെന്നാൽ പേരില്ലാതേയോ കള്ളപ്പേർ വച്ചോ പെറ്റീഷൻ അയക്കുന്നതു് എല്ലാ വിവരങ്ങളും അറിയാവുന്ന അടുത്തിരിക്കുന്ന ഉദ്യോഗസ്ഥനായിരിക്കും. പേരു് വയ്ക്കുന്നതിനുള്ള മടികൊണ്ടാണു് ഇങ്ങനെ ചെയ്യുന്നതു്. ആ മാതിരിയുള്ള കേസ്സുകളിലായിരിക്കും കൂടുതൽ വിവരങ്ങളും ലഭിക്കുന്നതു്. അതുകൊണ്ടു ഇത്തരം കേസ്സുകളും ഉപേക്ഷിക്കുന്നതു് ശരിയായിരിക്കുകയില്ല.

ശ്രീ. ടി.സി. നാരായണൻ നമ്പ്യാർ: ഈ നിയമസഭയിലെ പേരുവച്ചിട്ടുള്ള ഒരു ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രതിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു് ഒരു സബ് ഇൻസ്പെക്ടരെ സസ്പെൻഡു് ചെയ്കയും ഹൈക്കോടതിയിൽ റിട്ടു് കൊടുത്തു് ആ സസ്പെൻഷൻ ക്യാൻസൽ ചെയ്കയും ചെയ്തിട്ടുള്ള വിധിനിർണയത്തിൽ ബഹുമാനപ്പെട്ട മന്ത്രിയേയും ആ എം. എൽ. എ. യേയും പരാമർശിച്ചിട്ടുള്ളതു് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ : ഇല്ല.

Memorandum from the State Nurses' Association.

* 290 A. [4] **Shri Parayil Shamsudeen**: Will the Minister for Public Health be pleased to state:

(a) whether the Government have received any Memorandum from the State Nurses Association regarding their grievances;

and

(b) if so, what action has been taken?

Minister for Public Health [**Shri M. P. Govindan Nair**):

(a) A Memorandum has been received from the General Secretary, Kerala Government Nurses' Association.

(b) It is being examined.

ശ്രീ. പാറയിൽ ഷംസുദീൻ : ഇതിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളും പരിഹരിക്കുന്നതിനു് എത്ര കാലതാമസം വേണ്ടിവരുമെന്നു് പറയാമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതിനെപ്പറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അതിൽ ഉന്നയിച്ചിട്ടുള്ള ഡിമാന്റ് എന്താണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ: വളരെ ദീർഘമായിട്ടുള്ള ഒന്നാണു്, വേണമെങ്കിൽ വായിക്കാം.

Mr. Speaker : It may be placed on the table.

Shri M. P. Govindan Nair: Yes. I shall place it on the table.

നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണം.

* 291. [5] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരി, തുണി, ഭക്ഷ്യസാധനങ്ങൾ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഈ ഒരു വർഷക്കാലത്തു് പ്രതിമാസം വന്നുകൊണ്ടിരിക്കുന്ന ഏറ്റക്കുറച്ചിലുകളുടെ പട്ടിക മേശപ്പുറത്തു് വയ്ക്കാമോ ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനു ഗവണ്മെൻറു് എന്തു നടപടികൾ സ്വീകരിച്ചു ;

(സി) അരിയുടെ വിലവർദ്ധനവു് തടയാൻ ആഴ്ചതോറും കുടുംബത്തിനു് 3 ഇടങ്ങഴി അരി റേഷൻ കൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഗവണ്മെൻറു് സബ്സിഡി നൽകി സാധാരണക്കാർ വാങ്ങുന്ന റേഷൻ അരിക്കു് വില കുറച്ചു കിട്ടത്തക്ക സാഹചര്യമുണ്ടാക്കാൻ ഭയവുണ്ടോ കുമോ ;

(ഈ) മുന്തിയിലധികം തൊഴിലാളികളുള്ള വ്യവസായശാലയിൽ ന്യായവിലഷാപ്പുകൾ നടപ്പാക്കണമെന്നുള്ള ഇൻഡ്യാ ഗവണ്മെൻറിന്റെ ത്രികക്ഷി സമ്മേളന തീരുമാനമുണ്ടായതു് എന്നാണു് ;

(എഫ്) ഈ തീരുമാനം ഈ സ്റ്റേറ്റിൽ നടപ്പാക്കിയതു് എന്നാണു് ;

(ജി) ഇല്ലെങ്കിൽ കാരണമെന്തു് ;

(എച്ചു്) നിത്യോപയോഗസാധനങ്ങളുടേയും തുണിയുടേയും വില വിവരപ്പട്ടിക കടയിൽ തൂക്കണമെന്ന നിർദ്ദേശം ലംഘിച്ചതിനു് ഏതെങ്കിലും കടക്കാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) അരി, തുണി, ഭക്ഷ്യസാധനങ്ങൾ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഈ കഴിഞ്ഞ ഒരു വർഷക്കാലത്തു് പ്രതിമാസം ഉണ്ടായിട്ടുള്ള ഏറ്റക്കുറച്ചിലുകളുടെ പട്ടിക മേശപ്പുറത്തുവച്ചിരിക്കുന്നു. †

(ബി) നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനു താഴെ പറയുന്ന നടപടികൾ ഗവണ്മെൻറു് സ്വീകരിച്ചിട്ടുണ്ടു്.

(1) സംസ്ഥാനത്തിലുള്ള ആയിരത്തിൽപരം വരുന്ന ന്യായവിലഷാപ്പുകൾ വഴി ഒരു നിശ്ചിതവിലയ്ക്കും, തുക്കത്തിനും, അരി, പഞ്ചസാര എന്നിവ വിതരണം നടത്തുന്നു. കൂടാതെ ഉപഭോക്താക്കളുടെ ആവശ്യാനുസരണം ഗോതമ്പും ന്യായവിലഷാപ്പുകൾവഴി ഗവണ്മെൻറു് ലാഭനഷ്ടമില്ലാതെ വിതരണം നടത്തുന്നു.

(2) അരി, മണ്ണെണ്ണ മുതലായവയുടെ മൊത്തവിലയും ചില്ലറവിലയും വ്യാപാരികൾ അവരുടെ വില്പനസ്ഥലത്തു് പ്രദർശിപ്പിക്കേണ്ടതാണെന്നു് നിർദ്ദേശിച്ചിട്ടുണ്ടു്.

† Appendix I

LIBRARY ARCHIVES Kerala Legislative Assembly